# പരിസ്ഥിതി പ്രവർത്തകർക്ക് ഉണർവ്വായി ഒരു കൂടിച്ചേരൽ

ചാലക്കുടി : ഔപചാരികതകളുടെ കനത്ത വേലിക്കെട്ടുകളില്ലാതെ ഒരു ഒത്തുകൂടൽ..... നാടിനെക്കുറിച്ചുള്ള തങ്ങളുടെ വേവലാതികളും പ്രവർത്തനങ്ങളുടെ അനുഭവങ്ങളും പങ്കിടാൻ സമാനചിന്താഗതിക്കാരുടെ കൂടിച്ചേരൽ .... മണ്ണും പുഴയും മണ്ണും കാടും ജീവന്റെ തുടർച്ചയാണെന്ന് ഓർമ്മിപ്പിക്കാൻ അതിരപ്പിള്ളിയാറിന്റെ തീരത്ത് രണ്ടുനാൾ ...

പരിസ്ഥിതി - സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'കേരളീയ'വും അങ്കമാലി ഹരിതമൈത്രിയും സംയുക്തമായി ഏഴാറ്റുമുഖത്ത് സംഘടിപ്പിച്ച പരിസ്ഥിതി - സാംസ്കാരിക പ്രവർത്തകരുടെ സംസ്ഥാന തല കൂടിച്ചേരലാണ് പരിസ്ഥിതി പ്രവർത്തകർക്ക് പുത്തനുണർവ്വായത്.

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നിന്നും 18 കി. മീറ്റർ മാറി അതിരപ്പിള്ളിപ്പുഴയുടെ തീരത്തുള്ള ഏഴാറ്റുമുഖത്ത് ഡിസംബർ 8, 9 തിയ്യതികളിലാണ് കൂടിച്ചേരൽ സംഘടിപ്പിച്ചിരുന്നത്. ശനിയാഴ്ച ഉച്ച മുതൽ ഞായറാഴ്ച ഉച്ചതിരിഞ്ഞ് വരെയായിരുന്നു ക്യാമ്പ്. ആഴത്തിലുള്ള ചർച്ചകൾ സിനിമാ പ്രദർശനവും കവിതകളും പാട്ടുകളും വെട്ടിക്കുഴി ജൈവകൃഷിയിടസന്ദർശനവും കൂടിച്ചേരലിനെ വ്യത്യസ്തമാക്കി.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 200 - ഓളം പേർ കൂടിച്ചേരലിന് എത്തിയിരുന്നു. പ്രവർത്തകരുടെ പരിചയപ്പെടലിനെ തുടർന്ന് നടന്ന വിശദമായ ചർച്ചയിൽ പരിസ്ഥിതി - സാംസ്കാരിക രംഗത്തെ സമകാലിക പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞുവന്നു. വ്യത്യസ്ത പുലർത്തുന്ന വിവിധ ബദൽ സമരങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കിട്ടത് പ്രവർത്തകർക്ക് ആവേശമായി. പരിസ്ഥിതി - സാമൂഹിക രംഗങ്ങളിലെ തങ്ങളുടെ കാഴ്ച്ചപ്പാടുകൾ വിശദീകരിക്കാൻ പ്രവർത്തകർ സജീവമായി രംഗത്തെത്തിയതോടെ ചൂടുപിടിച്ച ചർച്ച രാത്രിയിലെ തണുപ്പിനെ അവഗണിച്ചു കൊണ്ട് പുലർച്ചെ വരെ നീണ്ടു. അതിന്റെ വെളിച്ചത്തിൽ അതിരപ്പിള്ളിപ്പുഴയെ സംരക്ഷിക്കുവാൻ വ്യക്തമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്താണ് പിറ്റേന്ന് കൂടിച്ചേരൽ അവസാനിച്ചത്. അതിരപ്പിള്ളിപ്പുഴയിലെ തുമ്പൂർമുഴി ഡാം പരിസരം തന്നെ അതിനുള്ള വേദിയായി.

ഇറാൻ ചലച്ചിത്രമായ കളർ ഓഫ് പാരഡൈസ് (സ്വർഗ്ഗത്തിന്റെ നിറം) പ്രദർശിപ്പിച്ചതും വെട്ടിക്കുഴി ജൈവകൃഷിയിടം സന്ദർശിച്ചതും മറ്റൊരു അനുഭവമായിരുന്നു.

സംസ്ഥാനതല പരിസ്ഥിതി പ്രവർത്തകരുടെ വൻ മുറ്റേറ്റമെന്ന് അവകാശപ്പെടാനില്ലെങ്കിലും വ്യക്ത്യധിഷ്ഠിതവും സംഘടനാധിഷ്ഠിതവുമായ കാര്യങ്ങൾക്കും വിഭാഗീയതകൾക്കും പകരം പ്രശ്നാധിഷ്ഠിതമായ കൂട്ടായ്മകളിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുവാൻ പരിസ്ഥിതി പ്രവർത്തകർക്ക് വേദിയായി എന്നത് ഏഴാറ്റുമുഖം ക്യാമ്പിനെ ശ്രദ്ധേയമാക്കുന്നു.